**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3480** **26-10-2021 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ നിയോജക മണ്ഡലത്തിൽ കൃഷിവകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ നിയോജക മണ്ഡലത്തിൽ കൃഷിവകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖാന്തരവും നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | ആലത്തൂർ നിയോജക മണ്ഡലത്തിൽ കൃഷിവകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖാന്തരവും നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത നിയോജക മണ്ഡലത്തിൽ കൃഷി, മണ്ണ് സംരക്ഷണം, ജലസേചനം, തണ്ണീർത്തട നീർച്ചാലുകളുടെ സംരക്ഷണം എന്നിവയ്ക്കായി കൂടുതൽ പദ്ധതികൾ ആരംഭിക്കുന്നതിന് പദ്ധതി പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് തീരുമാനം എടുക്കുന്നതാണ്. |
| (ബി) | പ്രസ്തുത നിയോജക മണ്ഡലത്തിൽ കൃഷി, മണ്ണ് സംരക്ഷണം, ജലസേചനം, തണ്ണീർത്തട നീർച്ചാലുകളുടെ സംരക്ഷണം എന്നിവയ്ക്കായി കൂടുതൽ പദ്ധതികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | ആലത്തൂർ നിയോജക മണ്ഡലത്തിൽ കൃഷിവകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖാന്തരവും നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത നിയോജക മണ്ഡലത്തിൽ കൃഷി, മണ്ണ് സംരക്ഷണം, ജലസേചനം, തണ്ണീർത്തട നീർച്ചാലുകളുടെ സംരക്ഷണം എന്നിവയ്ക്കായി കൂടുതൽ പദ്ധതികൾ ആരംഭിക്കുന്നതിന് പദ്ധതി പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് തീരുമാനം എടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**ആലത്തൂർ നിയോജക മണ്ഡലത്തിൽ കൃഷി വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികൾ:**

1. സമഗ്ര നെൽ കൃഷി വികസന പദ്ധതി

2. പച്ചക്കറി വികസന പദ്ധതി

3. നാളികേര വികസന പദ്ധതി

4. സുഗന്ധ വ്യഞ്ജന വികസന പദ്ധതി

5. നെൽകൃഷി ഉൽപ്പാദന ബോണസ്

6. നെൽകൃഷിക്കുള്ള റോയൽറ്റി

7. സുഭിക്ഷ കേരളം തരിശുനില വികസന പദ്ധതി

8. വിള ഇൻഷ്വറൻസ് പദ്ധതി

9. പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി

10. കർഷക പെൻഷൻ

11. ഓണത്തിനൊരുമുറം പച്ചക്കറി

12. ഒരു കോടി ഫലവൃക്ഷതൈകളുടെ വിതരണം

13. ഫലവൃക്ഷതൈ വിതരണം

14. മണ്ണ് സംരക്ഷണം

15. ഭാരതീയ പ്രകൃതി കൃഷി പദ്ധതി

16. ഔഷധ സസ്യ വികസനം

17. ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതികൾ

18. ആത്മാ പദ്ധതികൾ – ജൈവഗൃഹം

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾ:**

1. നെൽകൃഷി കൂലി ചെലവ് – ജനറൽ/എസ്.സി

2. പച്ചക്കറി കൃഷി ഗ്രോ ബാഗ് വിതരണം

3. പച്ചക്കറി കൃഷി വികസനം

4. ജലസേചനത്തിന് പമ്പ് സെറ്റ്

5. നെൽവിത്തിന് സബ്സിഡി നൽകൽ

6. സമഗ്ര കൃഷി വികസന പദ്ധതി

7. ജനകീയാസൂത്രണം തരിശുനില കൃഷി

8. വീട്ടുവളപ്പിൽ പച്ചക്കറി കൃഷി

ജലസേചനം

ആലത്തൂർ മണ്ഡലത്തിൽ കാർഷിക മേഖലയുടെ വികസനത്തിനായി നബാർഡ് ആർ ഐ ഡി എഫ് XXVI ട്രാഞ്ചെയിൽ ഉൾപ്പെടുത്തി രണ്ട് പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

| പദ്ധതിയുടെ പേര് | ഭരണാനുമതി തുക |
|---|---|
| 1) ആലത്തൂർ നിയോജക മണ്ഡലത്തിലെ വിവിധ പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ. | 10 കോടി |
| 2) നിറ പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ ആലത്തൂർ ബ്ലോക്കിലെ ആലത്തൂർ, കിഴക്കഞ്ചേരി, എരിമയൂർ പഞ്ചായത്തുകളിലെ വിവിധ പാടശേഖരങ്ങളിലെ കാർഷിക ഉത്പാദനം മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ. | 19.23 കോടി |

പ്രസ്തുത പദ്ധതികളുടെ ടെൻഡർ നടപടികൾ സ്വീകരിച്ചു വരുന്നു

മണ്ണ്_സംരക്ഷണം

ആലത്തൂർ നിയോജകമണ്ഡലത്തിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന ആർ.ഐ.ഡി.എഫ് XXV-ട്രാഞ്ചെയിൽ ഉൾപ്പെടുത്തി കിഴക്കഞ്ചേരി പഞ്ചായത്തിൽ പിട്ടുക്കാരിക്കുളമ്പ് നീർത്തട പദ്ധതിയും, വണ്ടാഴി പഞ്ചായത്തിൽ നേർച്ചപ്പാറ ലാൻഡ് സ്ലൈഡ് സ്റ്റെബിലൈസേഷൻ പദ്ധതിയും നിലവിൽ നടപ്പിലാക്കി വരുന്നു. കൂടാതെ മണ്ണ് സംരക്ഷണത്തിനായി നെൽ കർഷകർക്ക് കുമ്മായം വിതരണം നടപ്പിലാക്കി വരുന്നു.

തണ്ണീർത്തട നീർച്ചാലുകളുടെ സംരക്ഷണം

തണ്ണീർത്തട നീർച്ചാലുകളുടെ സംരക്ഷണത്തിനായി ആലത്തൂർ പരിധിയിലെ വാനൂർ തോടിന്റെ പുനരുദ്ധരണവുമായി ബന്ധപ്പെട്ട് ജില്ലാ തല ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.